ഭൂരഹിത കേരളം പദ്ധതി

174 (1230) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി നൽകുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതി പ്രകാരം എത്രപേർക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അർഹരായി കണ്ടെത്തിയത് 10,271 കുടുംബങ്ങളെയാണ്. അർഹരായി കണ്ടെത്തിയ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്യും.

വനഭൂമി കൈവശം വച്ചവർക്കെല്ലാം പട്ടയം കൊടുക്കൽ

175 (1231) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1977 ജനുവരിക്കുമുമ്പ് വനഭൂമി കൈവശം വച്ചവർക്കെല്ലാം പട്ടയം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഉടമസ്ഥർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 1977 ജനുവരിക്ക് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനായി കേരള ഭൂമി പതിവ് (1-1-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം ചട്ടങ്ങൾ രൂപീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) ഇതിനായി ഇടുക്കി ജില്ലയിൽ ആറും തൃശ്ശൂർ ജില്ലയിൽ ഒന്നും സ്പെഷ്യൽ ഓഫീസുകൾ പ്രവർത്തിപ്പിച്ച് പട്ടയ നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ പട്ടയ നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങളിൽ 16-11-10-ലെ ജി.ഒ.(പി). നമ്പർ 456/2010/ആർ.ഡി. പ്രകാരമുള്ള ഭേദഗതി വഴി പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഉടമസ്ഥർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly